പതിനാലാം കേരളനിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1588 — 12.06.2019 ൽ മറുപടിയ്ക്ക്

# സ്കൂൾ ബസ്സുകളുടെ പ്രവർത്തനത്തിന് വേണ്ട സഹായം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ബി.ഡി.ദേവസ്സി | | എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ) | |
| (എ) | പൊതുവിദ്യാലയങ്ങളിലെ കുട്ടികളുടെ യാത്രാ സൗകര്യത്തിനായി എം.എൽ.എ. ഫണ്ട്, എം.പി. ഫണ്ട് എന്നിവ ഉപയോഗിച്ച് വാങ്ങിയ സ്കൂൾബസ്സുകൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ധനസഹായത്തോടെയാണോ മുൻവർഷങ്ങളിൽ പ്രവൃത്തിച്ചുവന്നിരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) യും (സി) യും | പൊതുവിദ്യാലയങ്ങളിലെ കുട്ടികളുടെ യാത്രാ സൗകര്യത്തിനായി എം.എൽ.എ. ഫണ്ട്, എം.പി. ഫണ്ട് എന്നിവ ഉപയോഗിച്ച് വാങ്ങിയ സ്കൂൾബസ്സുകളുടെ തുടർ നടത്തിപ്പ് ബന്ധപ്പെട്ട സ്കൂൾ PTA കളാണ് നടത്തുന്നത്. പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിൽ (സ.ഉ.11/2018/തസ്വഭവ തീയതി 29.01.2018) സ്കൂളുകൾക്ക് വേണ്ടി വിവിധ പദ്ധതികളുടെ ഭാഗമായി വാങ്ങിയ വാഹനങ്ങളുടെ ഇന്ധനചെലവ്, ഡ്രൈവറുടെ വേതനം, മറ്റ് ആവർത്തന ചെലവുകൾ എന്നിവ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കാൻ പാടില്ല എന്ന് പ്രത്യേകമായി പ്രതിപാദിച്ചിട്ടുണ്ട്. ആയതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുൻവർഷങ്ങളിൽ ധനസഹായം നൽകിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | എങ്കിൽ ആയതിന് ഇപ്പോൾ അനുമതി നിഷേധിക്കപ്പെട്ട സാഹചര്യത്തിൽ ഭൂരിഭാഗം സ്കൂൾ ബസുകളും പ്രവൃത്തിക്കുവാൻ കഴിയാത്ത അവസ്ഥ മൂലം ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | സ്കൂൾ ബസുകളുടെ പ്രവർത്തനത്തിന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് തുടർന്നും അനുവദിക്കുന്നതിന് ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ